**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4663** **02-07-2024 - ൽ മറുപടിയ്ക്ക്**

**തീരങ്ങൾ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സ്ഥിരമായി കടൽ കയറുന്ന കേരളത്തിലെ തീരങ്ങൾ കല്ലുകെട്ടി സംരക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വകുപ്പിനു അനുവദിക്കുന്ന Plan/Nonplanശീർഷകങ്ങളിൽപ്പെടുത്തി കല്ല് ഉപയോഗിച്ചും ജിയോ ബാഗിൽ മണ്ണ് നിറച്ചും അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്. ഇത് കൂടാതെ കല്ലുപയോഗിച്ചുള്ള സംരക്ഷണ ഭിത്തിയുടെ തകർന്നുപോയ ഭാഗം പുനർ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തികളും നടപ്പിലാക്കി വരുന്നു. അടിയന്തര ഘട്ടത്തിൽ കടലാക്രമണത്തെ തടയുന്നതിന് ടി പ്രവർത്തികൾ ഒരു പരിധി വരെ ഫലപ്രദമായി കാണുന്നു. എന്നാൽ കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ തീരഘടനയ്ക്കനുയോജ്യമായ മറ്റു സുസ്ഥിര നൂതന പരിഹാര മാർഗ്ഗങ്ങൾ കൂടി അവലംബിക്കേണ്ടതായിട്ടുണ്ട്. തീരപ്രദേശത്തിന്റെ ഘടന അനുസരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ ടെട്രാപോട് ഉപയോഗിച്ചുള്ള കടൽഭിത്തി/ പുലിമുട്ട് നിർമ്മാണം, ഓഫ് ഷോർ ബ്രേക്ക് വാട്ടർ, പോലുള്ള സ്ഥിര സംരക്ഷണ മാർഗങ്ങളും കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുക, തീര പോഷണം (beach nourishment) പോലുള്ള പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങളും മറ്റു അനുയോജ്യമായ നിർമ്മിതികളും അവലംബിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |
| (ബി) | കടൽ കയറ്റം മൂലം നാശനഷ്ടം സംഭവിച്ച പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2024-25 സാമ്പത്തിക വർഷത്തിലെ ആദ്യ പാദ വാർഷികയോഗത്തിൽ കടൽതീര സംരക്ഷണം സംബന്ധിച്ച് "Coastal Area Management in the state of Kerala and U.T of Lakshadweep" എന്ന വിഷയത്തിൽ ജലസേചന വകുപ്പും കേന്ദ്ര ജല കമ്മീഷൻ ഉദ്യോഗസ്ഥരും തമ്മിൽ 29.04.2024ൽ തിരുവനന്തപുരത്തു വച്ച് ചർച്ച നടത്തുകയും |

| | | | |
|---|---|---|---|
| | | | തീരസംരക്ഷണപ്രവർത്തികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിനായി പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇത് കൂടാതെ കടലാക്രമണം രൂക്ഷമായ കേരളത്തിലെ 10 തീരപ്രദേശങ്ങളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് “Kerala Sustainable Coastal Protection and Climate Resilience Planning” പദ്ധതിയുടെ (PPRID -11669)” ഭാഗമായി 3500 കോടി രൂപയുടെ പ്രാഥമിക പ്രൊജക്റ്റ് റിപ്പോർട്ട് (PPR) തയ്യാറാക്കി 04.02.2022 ന ADB യുടെ സാമ്പത്തിക സഹായം മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്റെ അനുമതിയ്ക്കായി കേന്ദ്ര സാമ്പത്തിക കാര്യവകുപ്പിന് (DEA) സമർപ്പിച്ചിട്ടുണ്ട്. ആയതു DEAയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ